# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.01.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). ഒഡീഷയിലെ ഭുവനേശ്വറിൽ നടക്കുന്ന പതിനെട്ടാമത് പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പങ്കെടുക്കും. പ്രവാസി ഭാരതീയ പുരസ്കാരങ്ങളും വിതരണം ചെയ്യും.

Today, President Draupadi Murmu will attend the 18th Pravasi Bharatiya Divas conference in Bhubaneswar, Odisha. Pravasi Bharatiya awards will also be distributed.

2) ലിംഗസമത്വവും സ്ത്രീശാക്തീകരണവും ഇന്ത്യയുടെ വിദേശനയത്തിലും അന്താരാഷ്ട്ര ബന്ധങ്ങളിലും അവിഭാജ്യ ഘടകമെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. വനിതകളുടെ വികസനം ഉറപ്പുവരുത്തുന്നതിൽ രാജ്യം പ്രതിജ്ഞാബദ്ധമെന്നും കേന്ദ്രമന്ത്രി.

Gender Equality and Women's Empowerment is an integral part in India's Foreign Policy and International Relations said External Affairs Minister S Jaishankar.The Union Minister said that the country is committed to ensuring the development of women.

3). കാലാവസ്ഥാ വ്യതിയാന പ്രതിരോധം, ജൈവവൈവിധ്യ സംരക്ഷണം എന്നിവ ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ നടത്തുന്ന പദ്ധതികൾ ഫലം കാണുന്നതായി കേന്ദ്ര സഹമന്ത്രി എൽ മുരുകൻ.

Union Minister of State L Murugan said that the Central Government's projects aimed at climate change prevention and biodiversity conservation are making results.

4). ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. 17 വരെ നാമനിർദേശപത്രിക സമർപ്പിക്കാം. വോട്ടെടുപ്പ് അടുത്തമാസം അഞ്ചിന്.

Notification for Delhi Assembly Elections has been issued. Nomination papers can be submitted till 17. Polling is on 5th of next month.

5). ഭാവഗാനങ്ങളിലൂടെ ജനമനസ്സുകളിൽ ഇടംപിടിച്ച ഗായകൻ പി ജയചന്ദ്രന് നാടിൻറെ അന്ത്യാഞ്ജലി. അനുശോചിച്ച് പ്രധാനമന്ത്രി.

Last tribute to singer P Jayachandran, who became popular with his songs. Prime minister also condole.

6). രാജ്കോട്ടിൽ നടക്കുന്ന വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്കെതിരെ അയർലൻഡ് ബാറ്റിങ് പുരോഗമിക്കുന്നു.

In the women's ODI cricket at Rajkot Ireland batting progressing against India.

****************************************

## PRAVASI BHARATIYA DIWAS-PRESIDENT

ഒഡീഷയിലെ ഭുവനേശ്വറിൽ നടക്കുന്ന പതിനെട്ടാമത് പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സംബന്ധിക്കും. വിവിധ മേഖലകളിൽ മികവ് കാട്ടിയവർക്കുള്ള പ്രവാസി ഭാരതീയ പുരസ്കാരങ്ങളും രാഷ്ട്രപതി വിതരണം ചെയ്യും. മൂന്ന് ദിവസത്തെ സമ്മേളനം ഇന്ന് സമാപിക്കും.

****************************************

## JAISANKAR – (INTRO)

ലിംഗസമത്വവും സ്ത്രീശാക്തീകരണവും ഇന്ത്യയുടെ വിദേശനയത്തിലും അന്താരാഷ്ട്ര ബന്ധങ്ങളിലും അവിഭാജ്യ ഘടകമാണെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. ഒഡീഷയിൽ പ്രവാസി ഭാരതീയ ദിവസിൻറെ നാലാമത് പ്ലീനറി സെഷനിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സമൂഹത്തിലെ എല്ലാ മേഖലകളിലും വനിതകളുടെ നേതൃത്വത്തിലുള്ള വികസനം ഉറപ്പുവരുത്തുന്നതിൽ രാജ്യം പ്രതിജ്ഞാബദ്ധമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(HOLD FOR BYTE.................)

****************************************

## DAY. DELHI ASSEMBLY - NOTIFICATION

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. അടുത്ത മാസം അഞ്ചിനാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ എട്ടാം തീയതി. ദേശീയ തലസ്ഥാനത്തെ 70 സീറ്റുകളിലേക്ക് ഈ മാസം 17 വരെ നാമനിർദേശപത്രിക സമർപ്പിക്കാം. പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം ഈ മാസം 20 ആണ്.

****************************************

## PRAYAGRAJ ARRANGEMENTS

ഈ മാസം 13-ന് ഉത്തർപ്രദേശിലെ പ്രയാഗ് രാജിൽ ആരംഭിക്കുന്ന മഹാ കുംഭമേളയ്ക്കായുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഇന്നലെ പ്രയാഗ് രാജിൽ എത്തി തയ്യാറെടുപ്പുകൾ വിലയിരുത്തി. ലോകത്തെ ഏറ്റവും വലിയ ആത്മീയ, സാംസ്കാരിക കൂട്ടായ്മയാണ് മഹാ കുംഭമേള. കുംഭമേളയോടനുബന്ധിച്ച് വിനോദസഞ്ചാര വകുപ്പിൻറെ അഞ്ച് ഏക്കറിൽ വ്യാപിച്ച് കിടക്കുന്ന സംസ്ഥാന പവലിയനും മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഇന്ന് ഉദ്ഘാടനം ചെയ്യും.

****************************************

## UP-KUMBHVANI

2025-മഹാകുംഭമേളയോടനുബന്ധിച്ച് ആകാശവാണിയുടെ കുംഭവാണി ചാനൽ പ്രയാഗ്‌രാജിൽ ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഉത്ഘാടനം ചെയ്തു. മഹാകുംഭമേള ജാതി മത വർഗ ഭേദങ്ങൾക്കപ്പുറമാണെന്നും അത് ഐക്യത്തിൻറെ സന്ദേശം പകർന്നു നല്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ കേന്ദ്രവാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി ഡോ.എൽ. മുരുഗൻ വിദൂരദൃശ്യ സംവിധാനത്തിലൂടെ പങ്കെടുത്തു . കുംഭമേളയുമായി ബന്ധപ്പെട്ട ചടങ്ങുകളും പരിപാടികളും രാവിലെ 5.55 മുതൽ രാത്രി 10.05 വരെ കുംഭവാണിയിലൂടെ അടുത്ത മാസം 26 വരെ പ്രക്ഷേപണം ചെയ്യും. മഹാ കുംഭമേളയുടെ കൂടുതൽ ദൃശ്യങ്ങൾ പകർത്തുന്നതിന് ഹെലിക്യാമുകൾ

ഉപയോഗപ്പെടുത്തുമെന്ന് പ്രസാർ ഭാരതി ചെയർമാൻ നവനീത് കുമാർ സെഹഗൽ അറിയിച്ചു.

*******************************************

## L MURUGAN

കാലാവസ്ഥാ വ്യതിയാന പ്രതിരോധം, ജൈവവൈവിധ്യ സംരക്ഷണം എന്നിവ ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ നടത്തുന്ന വിവിധ പദ്ധതികൾ ഫലം കാണുന്നതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി എൽ മുരുകൻ. കവി സുഗതകുമാരിയുടേത് പ്രകൃതി സംരക്ഷണത്തിനും സ്ത്രീ ശാക്തീകരണത്തിനുമായി സമർപ്പിച്ച ജീവിതമായിരുന്നുവെന്നും അദ്ദേഹം അനുസ്മരിച്ചു. സുഗത നവതിയുടെ ഭാഗമായി കൊല്ലം ആവണീശ്വരം പദ്മനാഭപിള്ള മെമ്മോറിയൽ വൊക്കേഷണൽ ഹയർ സെക്കൻ്ററി സ്കൂളിൽ സുഗത സൂക്ഷ്മവനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീ മുരുഗൻ. സ്കൂൾ അങ്കണത്തിൽ കേന്ദ്രമന്ത്രി വൃക്ഷത്തൈ നട്ടു. നേരത്തെ കൊല്ലം അമൃത വിശ്വവിദ്യാപീഠം ക്യാമ്പസിലും പരിപാടിയുടെ ഭാഗമായി അദ്ദേഹം വൃക്ഷതൈ നട്ടു.

*******************************************

## JAYACHANDRAN –OBIT

മലയാളികളുടെ മനസിൽ ചിരപ്രതിഷ്ഠ നേടിയ ഭാവഗായകൻ പി ജയചന്ദ്രന് നാടിൻറെ അന്ത്യാഞ്ജലി. ഇന്നലെ രാത്രി അന്തരിച്ച പ്രിയഗായകൻറെ ഭൗതിക ശരീരം തൃശൂർ സംഗീത നാടക അക്കാദമി വളപ്പിൽ പൊതു ദർശനത്തിന് വച്ചിരിക്കുകയാണ്. പ്രമുഖർ അടക്കം ആയിരക്കണക്കിന് ഗാന ആസ്വാദകരാണ് അദ്ദേഹത്തിന് അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തുന്നത്. സംസ്ഥാന സർക്കാരിന് വേണ്ടി മന്ത്രിമാരായ കെ രാജൻ, ആർ ബിന്ദു എന്നിവർ പുഷ്പചക്രം സമർപ്പിച്ചു. രാവിലെ എട്ട് മണിയോടെ പൂങ്കുന്നത്തെ വീട്ടിൽ എത്തിച്ച ഭൗതിക ശരീരം അവിടുത്തെ ചടങ്ങുകൾക്ക് ശേഷമാണ് സംഗീതനാടക അക്കാദമി വളപ്പിലേക്ക് കൊണ്ടുവന്നത്. ഇവിടെ നിന്നും ഭൗതികശരീരം പൂങ്കുന്നത്തെ വീട്ടിലേക്ക് കൊണ്ടുപോകും. സംസ്കാരം നാളെ എറണാകുളം പറവൂർ ചേന്ദമംഗലത്തെ വീട്ടുവളപ്പിൽ നടക്കും.

*******************************************

## PM – JAYACHANDRAN

പിന്നണി ഗായകൻ പി ജയചന്ദ്രൻറെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അഗാധമായ ദുഃഖം രേഖപ്പെടുത്തി. വിവിധ ഭാഷകളിലുള്ള പി ജയചന്ദ്രൻറെ ഗാനങ്ങൾ വരും തലമുറയെയും സ്വാധീനിക്കുമെന്ന് അദ്ദേഹം സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

*****************************************

## ബ്രേക്ക്.....

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

*****************************************

## DELHI BOMB HOAX

ഡൽഹിയിലെ സ്കൂളുകളിൽ ബോംബ് ഭീഷണി സന്ദേശം നൽകിയ പന്ത്രണ്ടാം ക്ലാസ്സുകാരനെ പോലീസ് പിടികൂടി. കഴിഞ്ഞ ദിവസങ്ങളിൽ വിവിധ സ്കൂളുകളിൽ ബോംബ് ഭീഷണിയുമായി 23 ഇമെയിൽ സന്ദേശങ്ങളാണ് കുട്ടി അയച്ചത്.

*****************************************

## ASHWINI VAISHNAV ICF (INTRO)

കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ചെന്നൈയിലെ ഇൻറഗ്രൽ കോച്ച് ഫാക്ടറി സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. അമൃത് ഭാരത് കോച്ചുകൾ ഉൾപ്പെടെ, വികസന കാര്യങ്ങൾ സംബന്ധിച്ച് അദ്ദേഹം ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തി. കുറഞ്ഞ വരുമാനം ഉള്ളവർക്കായി 50 പുതിയ ട്രെയിനുകൾ രണ്ട് വർഷത്തിനുള്ളിൽ സർവീസ് തുടങ്ങുമെന്ന് അദ്ദേഹം പറഞ്ഞു.

**(HOLD VOICE............)**

വന്ദേഭാരത് ട്രെയിനുകളിലെ പുതിയ സൗകര്യങ്ങൾ മന്ത്രി വിലയിരുത്തി. മോഡുലർ ടോയ് ലറ്റുകൾ, അടിയന്തര സംവിധാനങ്ങൾ, അഗ്നിരക്ഷാ ഉപകരണങ്ങൾ തുടങ്ങിയവ വന്ദേഭാരതിലെ പുതിയ സൗകര്യങ്ങളാണ്.

*****************************************

## WOMEN CRICKET-FIRST ODI

ഇന്ത്യ - അയർലൻഡ് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരം രാജ്കോട്ടിൽ ആരംഭിച്ചു. ടോസ് നേടിയ അയർലൻഡ് ബാറ്റിംഗ് തിരഞ്ഞെടുത്തു . ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ അയർലൻഡ് 28 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 119 റൺ എന്ന നിലയിലാണ്. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിലെ രണ്ടാമത്തെ മത്സരം ഞായറാഴ്ചയും മൂന്നാമത്തെ മത്സരം ഈ മാസം 15 നുമാണ്.

*****************************************

## ISL FOOTBALL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്നത്തെ മത്സരത്തിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, പഞ്ചാബ് എഫ്.സി യെ നേരിടും. അസം തലസ്ഥാനമായ ഗുവഹത്തിയിലെ ഇന്ദിരാഗാന്ധി അത് ലറ്റിക് സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം. ഇന്നലെ ചെന്നൈയിൽ നടന്ന മത്സരത്തിൽ ചെന്നൈയിൻ എഫ്.സി യും ഒഡിഷ എഫ്.സി യും 2-2 എന്ന സ്കോറിന് സമനിലയിൽ പിരിഞ്ഞു.

*****************************************

## HOCKEY

പുരുഷവിഭാഗം ഹോക്കി ഇന്ത്യാ ലീഗിൽ ഇന്ന് ശ്രചി റാർ ബംഗാൾ ടൈഗേഴ്സ് - തമിഴ്നാട് ഡ്രാഗൺസിനെ നേരിടും. ഒഡിഷയിലെ റൂർക്കലയിൽ രാത്രി 8.15-നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ വേദാന്ത കലിംഗ ലാൻസേഴ്സ ്, ഗൊണസികയെ 2-1 എന്ന സ്കോറിന് പരാജയപ്പെടുത്തി.

*****************************************

## PETTAH THULLAL

മതമൈത്രിയുടെ പ്രതീകങ്ങളായി അറിയപ്പെടുന്ന എരുമേലി ചന്ദനക്കുട ഘോഷയാത്ര ഇന്നും അമ്പലപ്പുഴ ആലങ്ങാട് പേട്ടതുള്ളൽ നാളെയും നടക്കും. ഇന്ന് വൈകിട്ട് നാലിന് നൈനാർ മസ്ജിദ് ഓഡിറ്റോറിയത്തിൽ അമ്പലപ്പുഴ ആലങ്ങാട് സംഘങ്ങളുമായി സൗഹൃദ സംഗമം നടക്കും. നൈനാർ പള്ളിയിൽ നിന്ന് ആരംഭിക്കുന്ന ചന്ദനക്കുട

ഘോഷയാത്രക്ക് എരുമേലി ധർമ്മശാസ്താ ക്ഷേത്രത്തിലും പേട്ട ശാസ്താ ക്ഷേത്രത്തിലും സ്വീകരണം നടക്കും. നാളെ ഉച്ചയോടെ അമ്പലപ്പുഴ സംഘത്തിൻ്റെ പേട്ട തുള്ളൽ തുടങ്ങും. സംഘത്തിന് നൈനാർ മസ്ജിദിൽ മഹല്ല് മുസ്ലീം ജമാഅത്തിൻ്റെ നേതൃത്വത്തിൽ സ്വീകരണം നൽകും.

****************************************

## WOMEN FOOTBALL

എട്ടാമത് ഇന്ത്യൻ വനിതാ ഫുട്ബാൾ ലീഗിന് ഇന്ന് കിക്കോഫ്. ആദ്യ മത്സരത്തിൽ ഉച്ചകഴിഞ്ഞ് 2-30 ന് കൊൽക്കത്തയിൽ ഈസ്റ്റ് ബംഗാൾ, FC കർണാടകയെ നേരിടും. രണ്ടാം മത്സരത്തിൽ വൈകിട്ട് മൂന്നരയ്ക്ക് കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ ഗോകുലം കേരള FC, നിലവിൽ ചാമ്പ്യൻമാരായ ഒഡിഷ FC യുമായി മത്സരിക്കും. അവസാന സീസണിൽ ഒരു പോയിൻറ് വിത്യാസത്തി ലായിരുന്നു ഗോകുലത്തിന് കിരീടം നഷ്ടമായത്. എട്ട് ടീമുകളാണ് വനിതാ ലീഗ് ഫുട്ബോളിൽ മത്സരിക്കുന്നത്. എട്ട് വേദികളിലായി മൂന്ന് മാസത്തിലധികം നീണ്ടു നിൽക്കുന്ന ടൂർണമെൻറിൽ 56 മത്സരങ്ങളുണ്ടാകും.

****************************************

## ASSAM-DIMA HASAO MINE

അസമിലെ ദിമ ഹസോ ജില്ലയിൽ അനധികൃത ഖനിയിൽ കുടുങ്ങിയവരെ രക്ഷപ്പെടുത്താനുള്ള ശ്രമം തുടർച്ചയായ അഞ്ചാം ദിവസവും തുടരുന്നു. തിങ്കളാഴ്ച രാവിലെയാണ് കൽക്കരി ഖനിയിൽ പെട്ടെന്നുണ്ടായ വെള്ളപ്പൊക്കത്തിൽ തൊഴിലാളികൾ കുടുങ്ങിയത്. ഒരു തൊഴിലാളിയുടെ മൃതദേഹം ബുധനാഴ്ച കണ്ടെടുത്തിരുന്നു. എട്ട് തൊഴിലാളികളെ ഇനിയും കണ്ടെത്താനുണ്ട്. കര-നാവിക സേനകളും ദേശീയ സംസ്ഥാന ദുരന്ത പ്രതികരണ സേനകളും വിദഗ്ദ്ധ സംഘവും രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

****************************************

## RGKAR VERDICT

പശ്ചിമബംഗാളിൽ ആർജി കർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജൂനിയർ വനിതാ ഡോക്ടറെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ കൊൽക്കത്തയിലെ പ്രത്യേക കോടതി ഈ മാസം 18-ന് വിധി പറയും. കഴിഞ്ഞ ഓഗസ്റ്റിലാണ് കുറ്റകൃത്യം നടന്നത്. നവംബർ 11-നാണ് കേസിൽ വിചാരണ ആരംഭിച്ചത്. കൊൽക്കത്ത പോലീസും പിന്നീട് സിബിഐ യും അന്വേഷിച്ച കേസിൽ സഞ്ജയ് റോയ് എന്ന ആളാണ് കുറ്റവാളിയെന്ന് കണ്ടെത്തി. ആർ ജി കർ മെഡിക്കൽകോളേജ് പ്രിൻസിപ്പലിനെയും പ്രതി ചേർത്തിട്ടുണ്ട്.

*******************************************

## CHATTISGARH- CHIMNEY COLLAPSE

ഛത്തീസ് ഗഡിലെ മുംഗലിയിൽ ഉരുക്ക് നിർമ്മാണശാലയിലെ ചിമ്മിനി തകർന്ന് നിരവധി പേർ കുടുങ്ങി. ഇന്നലെ നടന്ന അപകടത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു. ദേശീയ-സംസ്ഥാന ദുരന്ത പ്രതികരണ സേനകൾ രക്ഷാപ്രവർത്തനത്തിൽ പങ്കെടുക്കുന്നുണ്ട്.

******

**************

******************************************